**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5602** **03-11-2021 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിലെ എസ്.സി. ഫണ്ട് വിനിയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ തദ്ദേശസ്ഥാപനങ്ങളിലെ 2020-21 സാമ്പത്തിക വർഷത്തെ എസ്.സി. ഫണ്ട് വിനിയോഗം സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | കുറ്റ്യാടി മണ്ഡലത്തിലെ 2020-21 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾ താഴെ പറയും പ്രകാരം 6675000 രൂപയുടെ പ്രോജക്ടുകൾ ഏറ്റെടുക്കുകയും 6029034 രൂപയുടെ പദ്ധതികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 1. വിദ്യാർത്ഥികൾക്ക് പഠന മുറി - 2000000 2. ലൈഫ് ഭവന നിർമ്മാണ വിഹിതം - 80000 3. പി.എം.എ.വൈ ഭവന നിർമ്മാണ വിഹിതം - 72000 4. കുളിക്കുന്ന് എസ്.സി കോളനി റോഡ് -756000 5. ഭവന നിർമ്മാണം - 847000 6. വിദ്യാർത്ഥികൾക്ക് മെമ്മോറിയൽ സ്കോളർഷിപ്പ് - 560000 7. ഐ.എ.വൈ.ലോൺ തിരിച്ചടവ് - 1640000 കുറ്റ്യാടി മണ്ഡലത്തിലെ തദ്ദേശസ്ഥാപനങ്ങളിലെ 2020-21 സാമ്പത്തിക വർഷത്തെ എസ്.സി ഫണ്ട് വിനിയോഗം സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ബി) | എസ്.സി. ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | എസ്.സി/എസ്.റ്റി ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിനും 100% ചെലവ് പുരോഗതി കൈവരിക്കുന്നതിനുമായി പഞ്ചായത്തുകൾക്ക് പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധം 2 ആയി ചേർക്കുന്നു). എസ്.സി.എസ്.പി/റ്റി.എസ്.പി പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി പ്രത്യേകമായി അവലോകനം ചെയ്തു വരുന്നുണ്ട്. വർക്കിങ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ ഗ്രാമസഭ, വികസന സെമിനാർ എന്നിവയിൽ ചർച്ചകൾക്ക് വിധേയമായി എസ്.സി ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും എസ്.സി പ്രൊമോട്ടർമാർ, പട്ടികജാതി വികസന ഓഫീസർ എന്നിവർ മുഖേന പ്രാദേശിക വിവരങ്ങൾ ശേഖരിച്ച് പദ്ധതികൾ തയാറാക്കുന്നുമുണ്ട്. ഗുണഭോക്താക്കളുടെ യോഗം |

| | | | |
|---|---|---|---|
| | | | യഥാസമയങ്ങളിൽ വിളിച്ചുകൂട്ടി പദ്ധതികളെ സംബന്ധിച്ച കൃത്യമായ അറിവ് നൽകുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ

## കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എസ്. സി ഫണ്ട് വിനിയോഗം

| ക്രമ നം. | ഗ്രാമപഞ്ചായത്ത് | ബഡ്ജറ്റ് (എസ്.സി.പി) | ചെലവ് | ചെലവ്% |
|---|---|---|---|---|
| 1 | Kunnummal | 9.45 | 9.45 | 100 |
| 2 | Velom | 27.17 | 34.05 | 125.34 |
| 3 | Ayancheri | 17.04 | 15.47 | 90.79 |
| 4 | Kuttiadi | 10.46 | 11.39 | 108.86 |
| 5 | Purameri | 12.78 | 9.89 | 77.39 |
| 6 | Maniyur | 56.02 | 39.08 | 69.77 |
| 7 | Villiyappally | 16.68 | 16.66 | 99.85 |
| 8 | Thiruvallur | 31.67 | 21.93 | 69.26 |

സെക്ഷൻ ഓഫീസർ

PAN/21313/2018-J1(DP)

പഞ്ചായത്ത് ഡയറക്ടറാഫീസ്,
പബ്ലിക് ഓഫീസ് പി ഓ , 695033 ,
jddj.dp@gmail.com
0471-2786304 തീയതി : 26/08/2021

പഞ്ചായത്ത് ഡയറക്ടർ

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

സർ,

വിഷയം: പഞ്ചായത്ത് വകുപ്പ് - എസ്.സി.പി-റ്റി.എസ്.പി പ്രോജക്ടുകളിൽ 100% നിർവ്വഹണ പുരോഗതി കൈവരിക്കുന്നത്-മാർഗ്ഗനിർദ്ദേശങ്ങൾ -സംബന്ധിച്ച്

സൂചന : 1. സർക്കാരിൽ നിന്നുള്ള 06.02.2021 ലെ ഡി.എ1/37/2021 നമ്പർ കത്ത്

പഞ്ചായത്തുകളുടെ വാർഷികപദ്ധതിയിലുൾപ്പെട്ട എസ്.സി.പി-റ്റി.എസ്.പി പ്രോജക്ടുകളിൽ 100% നിർവ്വഹണ പുരോഗതി കൈവരിക്കുന്നതിനായി ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു

1. എല്ലാ ഗ്രാമപഞ്ചായത്തുകളും തങ്ങളുടെ 2021-22 വാർഷിക പദ്ധതിയിലെ എസ്. സി. പി- റ്റി.എസ്.പി പ്രോജക്ടുകളിൽ 100% ചെലവ് പുരോഗതി കൈവരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ആയതിനായി പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കേണ്ടതുമാണ്.

2..നിലവിൽ ഏറ്റെടുത്തിട്ടുള്ളതും എന്നാൽ നിർവ്വഹണസാധ്യതയില്ലാത്തതുമായ എസ്. സി. പി- റ്റി.എസ്.പി പ്രോജക്ടുകൾ ഭേദഗതി ചെയ്ത് പൂർണ്ണമായും നിർവ്വഹണം നടത്താൻ കഴിയുന്ന പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്. (27.08.2021-ന് മുമ്പായി ഈ പ്രക്രിയ പൂർത്തീകരിച്ച് ഡി.പി.സിയ്ക്ക് നൽകണം)

3.നിർവ്വഹണസാധ്യതയില്ലാത്തതുമായ എസ്. സി. പി- റ്റി.എസ്.പി പ്രോജക്ടുകൾ കണ്ടെത്തുന്നതിനും നിർവ്വഹണം നടത്താൻ കഴിയുന്ന പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനും എസ്.സി./എസ്.റ്റി. പ്രൊമോട്ടർമാരുടെ സേവനം പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണ്.

4.പട്ടികജാതി-പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ ആവശ്യകത മനസ്സിലാക്കി, അവരുടെ പൊതുവിലെ ജീവിതനിലവാരം ഉയർത്തുന്നതിന് സഹായമാകുന്ന തരത്തിലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം.

5.ഗുണഭോക്തൃപട്ടിക അന്തിമമാക്കിയിട്ടില്ലാത്ത പഞ്ചായത്തുകൾ 31.08.2021 ന് മുമ്പായി

പട്ടിക അന്തിമമാക്കി പ്രസിദ്ധീകരിക്കുകയും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറുകയും വേണം

6.എസ്.സി./എസ്.റ്റി.പ്രൊമോട്ടർമാരുടെ സഹായത്തോടെ ഗുണഭോക്താക്കളെ ബന്ധപ്പെട്ട് അവർക്ക് വേണ്ടുന്ന സർട്ടിഫിക്കറ്റുകൾ ഉൾപ്പെടെ ലഭ്യമാക്കുന്നതിനുള്ള സഹായങ്ങൾ ചെയ്ത് നൽകുന്നതിനും ഗുണഭോക്തൃ പദ്ധതികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കണം

7.പഞ്ചായത്ത് തലത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ വിളിച്ച് ചേർത്ത് ഓരോ പ്രോജക്ടും പ്രത്യേകം വിലയിരുത്തി നിർവ്വഹണ കലണ്ടർ തയ്യാറാക്കണം. (ഈ യോഗത്തിൽ അതാത് പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ നിർബന്ധമായും പങ്കെടുക്കണം)

8.ഭവന പുനരുദ്ധാരണം, ഭവനനിർമ്മാണത്തിന് ഭൂമി വാങ്ങൽ എന്നീ പ്രോജക്ടുകളുടെ നിർവ്വഹണം പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർമാർ പ്രത്യേകമായി അവലോകനം ചെയ്യണം. ഇത്തരം പ്രോജക്ടുകളുടെ ലിസ്റ്റ് പഞ്ചായത്ത് തലത്തിൽ തയ്യാറാക്കി സൂക്ഷിക്കുകയും നിരന്തരം പുരോഗതി വിലയിരുത്തി പഞ്ചായത്തുകൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും വേണം

9.കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നിർവ്വഹണം സാധ്യമാകാത്ത പ്രോജക്ടുകൾ പഞ്ചായത്തുകൾ വീണ്ടും ഏറ്റെടുത്തിട്ടുണ്ടോ എന്ന് പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർമാർ പരിശോധിക്കണം. അത്തരം പ്രോജക്ടുകൾ പ്രത്യേകം അവലോകനം ചെയ്യുകയും നിർവ്വഹണ പുരോഗതി ഉറപ്പാക്കുകയും വേണം. നിർവ്വഹണം സാധ്യമല്ലാത്തവ ഭേദഗതി ചെയ്യുന്നതിന് നിർദ്ദേശം നൽകണം.

8. ജില്ലാതലത്തിൽ എസ്. സി. പി- റ്റി.എസ്.പി പ്രോജക്ടുകളുടെ നിർവ്വഹണപുരോഗതി അവലോകന ചുമതല അതാത് എ.ഡി.പി-മാർക്ക് ആയിരിക്കും. മേൽ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കുകയും നിശ്ചിത ഇടവേളകളിൽ പെർഫോമൻസ് യൂണിറ്റ് തല അവലോകനയോഗങ്ങൾ നടത്തുകയും വേണം.അവലോകന യോഗങ്ങളിൽ ഉയർന്നു വരുന്ന പ്രശ്നങ്ങളിൽ ജില്ലാതലത്തിൽ പരിഹരിക്കാൻ കഴിയാത്തവ ഈ ഓഫീസിലേയ്ക്ക് റിപ്പോർട്ട് ചെയ്യണം.

9.എ.ഡി.പി-മാർ ഓരോ ജില്ലയിലും എസ്. സി. പി- റ്റി.എസ്.പി പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ പിന്നിൽ നിൽക്കുന്ന പഞ്ചായത്തുകളിൽ നേരിട്ട് പരിശോധന നടത്തി പരിഹാര മാർഗ്ഗ നിർദ്ദേശങ്ങൾ സഹിതമുള്ള റിപ്പോർട്ട് എല്ലാ മാസവും 15-ാം തീയതിയ്ക്കകം ഈ ഓഫീസിൽ ലഭ്യമാക്കണം.

10.ഓരോ മാസവും ജില്ലയിൽ എസ്. സി. പി- റ്റി.എസ്.പി പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മുന്നിൽ വരുന്ന പഞ്ചായത്തുകളെ (പെർഫോമൻസ് യൂണിറ്റ് തലത്തിൽ )അനുമോദിക്കുകയും പ്രത്യേക അനുമോദനപത്രം നൽകുകയും വേണം

11. എസ്. സി. പി- റ്റി.എസ്.പി പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ സവിശേഷമായ മികവ് പ്രകടിപ്പിക്കുന്ന പെർഫോമൻസ് ആഡിറ്റ് യൂണിറ്റുകൾ, എ.ഡി.പി എന്നിവർക്ക് സംസ്ഥാന് തലത്തിൽ അർഹമായ അംഗീകാരം നൽകുന്നതിനുള്ള നടപടികൾ ഈ ഓഫീസിൽ നിന്നും സ്വീകരിക്കുന്നതാണ്.

വിശ്വസ്തതയോടെ,

H. DINESHAN IAS
DIRECTOR OF PANCHAYATH

സെക്ഷൻ ഓഫീസർ